<u>**പതിനാലാം കേരള നിയമസഭ**</u>

<u>പത്തൊൻപതാം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1358.

**06-03-2020 ൽ മറുപടിയ്ക്ക്**

## കാർഷിക മേഖലയിലെ കേന്ദ്രസഹായം

| **ചോദ്യം** | | **മറുപടി** |
|---|---|---|
| ശ്രീ.പി.കെ.അബ്ദു റബ്ബ് | | ശ്രീ. വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) കാർഷിക മേഖലയിൽ കേന്ദ്രസഹായം ലഭിക്കുന്നതിനായി കേന്ദ്രസർക്കാർ നിർദ്ദേശിച്ച നിയമങ്ങൾ പാസ്സാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ;<br><br>(ബി) ഇക്കാര്യത്തിൽ സർക്കാർ നിലപാട് കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ? | (എ) & (ബി) | കാർഷിക മേഖലയിൽ കേന്ദ്രസഹായം ലഭ്യമാക്കുന്നതിനായി കേന്ദ്രസർക്കാർ നിർദ്ദേശിച്ച നിയമങ്ങൾ പാസ്സാക്കണമെന്ന നിർദ്ദേശങ്ങൾ ഒന്നും തന്നെ സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടില്ല.<br>എന്നാൽ കാർഷിക വ്യവസായമുള്ള കർഷകരുടെ ഐക്യത്തിനും കാർഷിക ഉത്പന്നങ്ങളുടെ മികച്ച വില നിശ്ചയം ഉറപ്പാക്കുന്നതിനും വിളവെടുപ്പ് നഷ്ടങ്ങൾ കുറയ്ക്കുന്നതിനും ഗ്രാമീണ മേഖലയിൽ തൊഴിൽ ലഭ്യത സൃഷ്ടിക്കുന്നതിനുമായി കേന്ദ്ര കൃഷി മന്ത്രാലയത്തിന്റെ Model Contract Farming Act 2018 അഥവാ State/UT Agricultural Produce and Livestock Contract Farming (Promotion & Facilitation) Act, 2018 നടപ്പിലാക്കുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം ആവശ്യപ്പെട്ടിരുന്നതിന് കേരളത്തിൽ കൃഷി മേഖലയിലെ വികസനത്തിനായി കർഷകർ, കാർഷിക സംഘടനകൾ, പഞ്ചായത്തി രാജ് സ്ഥാപനങ്ങൾ, ബാങ്കുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണം വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിടുന്നതെന്നും Model Contract Farming Act, 2018 സംസ്ഥാനത്തിന് ദോഷകരമായിരിക്കുമെന്ന് വിലയിരുത്തപ്പെട്ടതിനാൽ കേരള സർക്കാർ നടപ്പിലാക്കേണ്ടതില്ല എന്നും തീരുമാനമെടുത്തിട്ടുള്ളതായി 07/09/2019-ലെ കത്ത് പ്രകാരം കേന്ദ്ര കൃഷി മന്ത്രാലയത്തെ അറിയിച്ചിട്ടുണ്ട്.<br>Agricultural Produce and Livestock Marketing Promotion & Facilitation Act 2017 ഉം Model Agricultural Land Leasing Act 2016-ഉം കേരളത്തിൽ, ഇവിടുത്തെ സാഹചര്യത്തിനനുസൃതമായി, നടപ്പിലാക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**